**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **19-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, ഡിസൈൻ എന്നിവ തയ്യാറാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമാരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഡിസൈൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എത്ര ഉദ്യോഗസ്ഥരാണ് ഈ വിഭാഗത്തിൽ ജോലിചെയ്തു വരുന്നത്; | (എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന ഭൂരിഭാഗം കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകല്പന വകുപ്പിനു കീഴിലുള്ള വാസ്തു ശില്പ വിഭാഗമാണ് നിർവ്വഹിക്കുന്നത്. ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ ആവശ്യകതയ്ക്കനുസരിച്ചും, ഡ്രോയിംഗിന്റെ അടിസ്ഥാനത്തിലും അതിനൂതന സോഫ്റ്റ് വെയറുകളുപയോഗിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് കോഡ് മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്ട്രക്ച്ചറൽ രൂപകല്പന സമയബന്ധിതമായി നൽകി വരുന്നത്.<br><br>ഒരു നിർമ്മിതിയുടെ പ്രാഥമിക വാസ്തു ശില്പ രൂപകല്പന തയ്യാറാക്കുവാൻ അതിന്റെ വിസ്തീർണ്ണവും സങ്കീർണ്ണതയും അനുസരിച്ച് പരമാവധി രണ്ടാഴ്ച മുതൽ മൂന്നാഴ്ച വരെയും, അതിന്റെ വിശദമായ രൂപകല്പന തയ്യാറാക്കുവാൻ പ്രാഥമിക വാസ്തു ശില്പരൂപ കല്പനയുടെ അംഗീകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമായതിനു ശേഷം 45 ദിവസം മുതൽ 60 ദിവസം വരെയുമാണ്.<br><br>ഡിസൈൻ വിഭാഗത്തിൽ രൂപകല്പന ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പുതിയ പ്രവൃത്തികളുടെ ഡ്രോയിംഗ്, ഡിസൈൻ എന്നിവ പൂർത്തിയാക്കുവാൻ കാലതാമസം എടുക്കുന്നതുമൂലം നിർമ്മാണ പ്രവൃത്തികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | പുതിയ പ്രവൃത്തികളുടെ വാസ്തു ശില്പ രൂപകല്പന നിർവഹിക്കുവാൻ അതിന് സാധാരണയായി ആവശ്യമുള്ള സമയം മാത്രമേ എടുക്കാറുള്ളൂ. എന്നാൽ സൈറ്റ് സർവേ, ടോട്ടൽ സ്റ്റേഷൻ സർവേ, രൂപകല്പന നിർവ്വഹിക്കേണ്ട കെട്ടിടത്തിന്റെ ആവശ്യതകളുടെ അംഗീകരിച്ച ലിസ്റ്റ് തുടങ്ങിയവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വാസ്തു ശില്പ വിഭാഗത്തിലെ ഉദ്യോഗസ്ഥരും, കെട്ടിടവിഭാഗം ഡിസൈൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരും ചേർന്ന് അവലോകനം നടത്തി പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | 1 |
| 2 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 2 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 14 |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 56 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | 130 |
| 6 | ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 112 |
| 7 | സെക്കൻഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | 109 |
| 8 | തേർഡ് ഗ്രേഡ് ഓവർസീയർ | 57 |
| **ആകെ** | | **481** |